## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: T 1862 — 07/03/2017-ൽ മറുപടിക്ക്

# കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള അന്തിമവിധി മാർച്ച് മാസം ആദ്യം ഉണ്ടാകുമെന്നതിൽ എന്തെങ്കിലും മാറ്റമുള്ളതായി അറിവുണ്ടോ; വിവരിക്കുമോ; | (എ) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 04/09/2015ൽ ഇറക്കിയ കരട് വിജ്ഞാപനം 27/02/2017ൽ renotify ചെയ്യുകയാണ് ചെയ്തത്. |
| (ബി) | പരിസ്ഥിതിലോലമായി, കസ്തൂരിരംഗൻ കണ്ടെത്തിയ കേരളത്തിലെ നൂറ്റി ഇരുപത്തിമൂന്ന് ഗ്രാമങ്ങൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | 123 ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം** 1 ആയി ചേർക്കുന്നു. |
| (സി) | ഇതുസംബന്ധിച്ച് പഠനം നടത്തി, കാർഷികമേഖലയെയും ജനവാസ കേന്ദ്രങ്ങളെയും ഒഴിവാക്കിക്കൊണ്ട്, കേരളം കേന്ദ്രസർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; | (സി) | റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കേരളത്തിലെ ജനങ്ങൾ ആശങ്കാകുലരാണെന്നത് കണക്കിലെടുത്ത് എന്തെല്ലാം അനുകൂലനടപടികൾ സ്വീകരിക്കാനാകും എന്ന് വിശദമാക്കുമോ? | (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.<br><br>കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23.06.2016 ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | മെമ്മോറാണ്ടത്തിലും ചർച്ചയിലും കർഷകരുടെ ആശങ്ക പരിഹരിക്കണമെന്നും, ഏത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23.02.2017 ലെ കത്തു പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്